# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 315** — **23.06.2014-ന് മറുപടിക്ക്**

**<u>ഭരണഭാഷ മാതൃഭാഷ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ.റ്റി.ജോർജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലയാളം നിർബന്ധമായും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഔദ്യോഗിക ഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സെക്രട്ടേറിയറ്റ് വകുപ്പുകൾ സെക്രട്ടേറിയറ്റിതര വകുപ്പുകൾ സ്വയംഭരണ-പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ |

| | | | |
|---|---|---|---|
| | | | കൂടി ഔദ്യോഗികഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സെക്രട്ടേറിയറ്റ്/സെക്രട്ടേറിയറ്റിതര വകുപ്പുകൾ, സ്വയംഭരണ-പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇതിനായി നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും | ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ൽ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിലുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

Rajani Antony

**സെക്ഷൻ ഓഫീസർ**